പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം . 785</u>

<u>11.06.2014 ലെ</u>
<u>മറുപടിയ്ക്ക്.</u>

**<u>ജലസംരക്ഷണവും പരിപാലനവും</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോസഫ് വാഴക്കൻ**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ.പി.സി.വിഷ്ണു നാഥ്** | **ശ്രീ. പി.ജെ. ജോസഫ്**<br>**(ബഹു. ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ജലസംരക്ഷണവും പരിപാലനവും ഫലപ്രദമായി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ ജല സ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും സുസ്ഥിര സംരക്ഷണവും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത്. ജലസുരക്ഷ ലക്ഷ്യമിട്ട് നദീതടങ്ങളിൽ വരുന്ന ജലസ്രോതസ്സുകളായ കുളങ്ങൾ, തടാകങ്ങൾ എന്നിവയുടെ പരിപാലനത്തിന് മുൻഗണന നൽകി വരുന്നു. കുളങ്ങളുടെ സംരക്ഷണത്തിന് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ധന സഹായത്തോടെയുള്ള പദ്ധതികൾ, നബാർഡ് (ആർ.ഐ.ഡി.എഫ്) ധനസഹായത്തോടെയുള്ള പദ്ധതികൾ തുടങ്ങിയവ ധനലഭ്യതനുസരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനും ഭൂജല പരിപോഷണം ഉറപ്പു വരുത്തുന്നതിനും, നദികളിലെ നീരൊഴുക്ക് സ്ഥായിയായി നില നിർത്തുന്നതിനുമായി ചെക്ക് ഡാമുകളും നിർമ്മിച്ചു വരുന്നു. ജലം മലിനീകരിക്കാതിരിക്കുന്നതിന്, പ്രത്യേകിച്ച് ഓരു ജലം കയറി കുടിവെള്ള സ്രോതസ്സുകൾ ഉപയോഗയോഗ്യമല്ലാതായി മാറാതിരിക്കാൻ തടയണകൾ നിർമ്മിക്കാറുണ്ട്.<br><br>തടാകങ്ങളുടെയും കായലുകളുടെയും സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികളും സാമ്പത്തിക ലഭ്യതയനുസ്സരിച്ച് നിർവഹിച്ചു വരുന്നു. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് - കോഴിക്കോട്, സെസ്സ്- തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാനുകളുടെ അടിസ്ഥാനത്തിലാണ് സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നത്. |

റാംസർസൈറ്റായി പ്രഖ്യാപിച്ചിട്ടുള്ള ശാസ്താംകോട്ട തടാകത്തിലെ ജലനിരപ്പ് താഴുന്നത് തടയുന്നതിന്റെ ഭാഗമായി, സമീപപ്രദേശത്തെ മറ്റ് ജലസ്രോതസ്സുകൾ ഉപയോഗിച്ച് കൊല്ലം നഗരസഭയിലും സമീപ പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തു നടപ്പിലാക്കുന്ന പദ്ധതികളുടെ ജലസ്രോതസ്സുകൾ അണക്കെട്ടുകളും നദികളും തടാകങ്ങളുമാണ്. ഇതിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ ജല സ്രോതസ്സുകളുടെ ജലലഭ്യത ഉറപ്പാക്കി ജലം സംരക്ഷിക്കുന്നതിനായ പദ്ധതികൾ രൂപകല്പന ചെയ്യുമ്പോൾ തന്നെ നദികൾക്ക് കുറുകെ അധികമായി തടയണകൾ നിർമ്മിച്ചു വരുന്നു. ഇതിനു പുറമേ കേന്ദ്ര ഗവൺമെന്റിന്റെ ധന സഹായത്തോടെ സുസ്ഥിരമായ ജല സ്രോതസ്സ് എന്ന ഹെഡ്ഡിൽ വിവിധ നദികൾക്ക് കുറുകെ അധികമായി തടയണകൾ നിർമ്മിച്ചു വരുന്നു. ഇത്തരം പദ്ധതികളിലൂടെ ജലം സംരക്ഷിക്കാൻ സാധിക്കുന്നു. കേരളത്തിലെ 44 നദികളിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 126 സ്ഥലങ്ങളിൽ നിന്നും മാസം തോറും ജല സാമ്പിളുകൾ ക്വാളിറ്റി കൺട്രോൾ ലാബുകൾ വഴി ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാര വ്യതിയാനങ്ങൾ നിരീക്ഷിച്ചു വരുന്നുണ്ട്. കൂടാതെ ഗ്രാമങ്ങളിൽ കുടിവെള്ള സ്രോതസ്സുകളിലെയും ജലസാമ്പിളുകൾ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ശേഖരിച്ച് പരിശോധന നടത്തി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് സ്രോതസ്സുകളായ പുഴകൾ, കിണറുകൾ, തടാകങ്ങൾ എന്നിവയുടെ സംരക്ഷണ ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. സ്രോതസ്സുകൾ മലിനപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, റവന്യൂ ഡിപ്പാർട്ടുമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് വാട്ടർ അതോറിറ്റി ശ്രമിക്കുന്നുണ്ട്.

ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ ജല സംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് GWR പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഓരോ പഞ്ചായത്തിനും 30 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. (പഞ്ചായത്തിന് 20%വും കേരള ഗവണ്മെന്റ് 80% വും). കോഴിക്കോടുള്ള പെരുവണ്ണൂർ ഗ്രാമപഞ്ചായത്തിലും കാസർഗോഡുള്ള പുത്തിഗെ ഗ്രാമപഞ്ചായത്തിലും ജലസംരക്ഷണത്തിനുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. പദ്ധതി വിഹിതം ഇല്ലാത്ത പഞ്ചായത്തുകൾക്ക് NRDWP യുടെ sustainability fund - ൽ നിന്നും ഫണ്ട് കണ്ടെത്തുന്ന കാര്യം പരിഗണനയിലാണ്.

ഭൂജല വകുപ്പ് സംസ്ഥാനത്ത് ഭൂജല സംരക്ഷണത്തിനും പരിപോഷണത്തിനുമായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ഭൂജലത്തിന്റെ അമിത ചൂഷണം ഒഴിവാക്കാനും ഭൂജലത്തിന്റെ ഉപഭോഗം ക്രമീകരിക്കുന്ന തിനുമായി കേരള ഭൂജല ( നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) | ഗാർഹിക- കാർഷിക - വ്യാവസായിക ആവശ്യങ്ങൾക്കും, ഭൂഗർഭ ജല പരിപോഷണം, പാരിസ്ഥിതിക സംതുലനം, കന്നുകാലി വളർത്തൽ, തുടങ്ങിയവയ്ക്കാവശ്യമായ ജലം സ്ഥായിയായി ലഭ്യമാക്കുക, ജലസ്രോതസ്സുകളുടെ ഗുണനിലവാര വ്യതിയാനങ്ങൾ നിരീക്ഷിക്കുക, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ജനങ്ങൾക്ക് കൂടുതൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുക, ജലസ്രോതസ്സുകളുടെ മലിനീകരണത്തെ ക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.<br>ജലനിധി കിണറുകളിൽ Point recharge, roof water harvesting, ചെറുകിട തടയണകൾ, gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub- surface dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പി ലാക്കി പാഴായിപ്പോകുന്ന മഴ വെള്ളത്തെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>സംസ്ഥാനത്ത് ഭൂജല സംരക്ഷണവും പരിപാലനവും ഫലപ്രദമായി നടപ്പാക്കുന്നതിനു വേണ്ടി കൃത്രിമ ഭൂജല സംപോക്ഷണ പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന് കീഴിൽ ജല ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ മഴക്കാലത്ത് കൂടുതൽ മഴ വെള്ളം മണ്ണി- ലേക്ക് ഊർന്നിറങ്ങുന്നതിന് സഹായിക്കുന്ന മഴക്കുഴികൾ , തടയണകൾ, വി.സി.ബി. കൾ സബ് സർഫസ് ഡാമുകൾ ചെറിയ കിടങ്ങുകൾ, കിണർ വഴി മഴവെള്ളം റീ ചാർജ് ചെയ്യുന്ന പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു. ഇങ്ങനെ കൃത്രിമമായി ഭൂജല സംപോഷണം നടത്തുന്നതിലൂടെ വേനൽക്കാലത്ത് പൊതുവിൽ ജനങ്ങൾ ആശ്രയിക്കുന്ന കിണറുകളിലും പുഴകളിലും ജല ലഭ്യത വർദ്ധിക്കുന്നു. ഇതു കൂടാതെ കേരള ഭൂജല (നിയന്ത്ര- ണവും ക്രമീകരണവും) ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വകുപ്പുകൾ പ്രകാരം ഭൂജലത്തിന്റെ അമിത ചൂഷണം തടയാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതി യുമായി സഹകരിക്കുന്നത് വിശദമാക്കുമോ ; | (സി) | സംസ്ഥാന / കേന്ദ്ര സർക്കാർ, നബാർഡ്, വിദേശ ഏജൻസികളായ ജിക്കാ, ലോക ബാങ്ക് എന്നിവയ്ക്ക് പുറമേ ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമരാമത്ത് വകുപ്പ്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയ ഏജൻസികൾ പദ്ധതി നടത്തിപ്പിന് സഹകരിക്കുന്നു. കൂടാതെ സഹായ സംഘടനകൾ, ഗുണഭോക്തൃ സമിതികൾ എന്നിവയും സഹകരിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | സംസ്ഥാനത്ത് ജലസംരക്ഷണവും പരിപാലനവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് മേൽ സൂചിപ്പിച്ച (എ) പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക ലഭ്യതസനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ,<br>1) പാലക്കാട് ജില്ലയിലെ, ജല ലഭ്യത കൂടുതലുള്ള കുളങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ആ പ്രദേശത്തെ കാർഷികാവശ്യത്തിന് ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധന ഘട്ടത്തിലാണ്.<br>2) സംസ്ഥാനത്തെ ദീർഘകാല ജല സുരക്ഷ ഉറപ്പു വരുത്തുന്നതിനായി നദീതട അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പിലെ "രൂപ കല്പനയും ഗവേഷണവും" വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 303 പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ടി വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനു പുറമെ ഹെഡ് ഓഫീസിൽ മാനേജിഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ PASK ( Project Alert System) സംവിധാനത്തിലൂടെയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്.<br>പദ്ധതി ആവിഷ്കരിക്കുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന സഹായ സംഘടനയുടെ എഞ്ചിനീയർമാരും ജലനിധിയുടെ എഞ്ചിനീയർമാരും ചേർന്ന് GWR proposals, estimates എന്നിവ ഉണ്ടാക്കുകയും റീജിയണൽ ഓഫീസിൽ നിന്നും സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നു. |

ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിച്ചു വരുന്നു. ഇതനുസരിച്ച് തടയണകൾ, കിണർ വഴിയുള്ള റീ ചാർജിംഗ് എന്നിവ നടപ്പാക്കി വരുന്നുണ്ട്. കൂടാതെ അമിതമായ ജല ചൂഷണം തടയുന്നതിനായി 2002 -ലെ കേരള ഭൂജല ( ക്രമീകരണവും നിയന്ത്രണവും) ആക്ട് സംസ്ഥാനത്ത് കർശനമായി നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.